**തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**

**അഡീഷണൽ ഡയറക്ടർ (മെഡിക്കൽ) ന്റെ നടപടിക്രമം**

**വിഷയം :** ആ.വ.ഡ - ജീവനക്കാര്യം - ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികയിലെ സ്ഥലം മാറ്റം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1) ഉത്തരവ് നമ്പർ.ഇ.ഇ.4-74791/19/ആ.വ.ഡ തീയതി 16.2.2021
2) ശ്രീമതി അജിത.സി.വി.യുടേയും ശ്രീ.അനിൽ ചേകവരുടെയും 18.2.2021 തീയതിയിലെ അപേക്ഷ.

**ഉത്തരവ് നമ്പർ ഇ.ഇ.4/ 74791/2019/ആവഡ തീയതി 20.2.2021**

പരാമർശം (1) ലെ ഉത്തരവ് പ്രകാരം മലപ്പുറം തിരൂരങ്ങാടി താലൂക്കാശുപത്രിയിലെ ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ ആയ ശ്രീമതി അജിത.സി.വി യെ മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസിലേയ്ക്ക് സ്ഥലം മാറ്റം നൽകി ഉത്തരവായിരുന്നു. എന്നാൽ കാസർഗോഡ് ജില്ലക്കാരായതിനാൽ കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കാശുപത്രിയിലേയ്ക്ക് സൗകര്യപ്രദമായ സ്ഥലം മാറ്റം നൽകണമെന്ന് കാണിച്ച് ടിയാരി അപേക്ഷ നൽകിയിട്ടുണ്ട്. കൂടാതെ തളിപ്പറമ്പ് താലൂക്കാശുപത്രിയിലെ ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ ആയ ശ്രീ അനിൽ ചേകവർ സി.കെ മലപ്പുറം ജില്ലയിലേയ്ക്കും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിനാൽ ടി ജീവനക്കാരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവാകുന്നു. പരാമർശം (1) ലെ ഉത്തരവ് താഴെ പറയും പ്രകാരമുള്ള ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

| ക്രമ നം | പേരും നിലവിലെ സ്ഥാപനവും | പരാമർശ (1) പ്രകാരം സ്ഥലം മാറ്റം ലഭിച്ച സ്ഥാപനം | പുതുതായി അനുവദിക്കുന്ന സ്ഥാപനം |
|---|---|---|---|
| 1 | ശ്രീമതി അജിത.സി.വി ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ, തിരുരങ്ങാടി താലൂക്കാശുപത്രി മലപ്പുറം | മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസ് | തളിപ്പറമ്പ് താലൂക്കാസ്ഥാന ആശുപത്രി , കണ്ണൂർ |
| 2 | ശ്രീ.അനിൽ ചേകവർ തളിപ്പറമ്പ് താലൂക്കാസ്ഥാന ആശുപത്രി , കണ്ണൂർ | | മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസ് (എസ്.വി.ഒ ടീം) |

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട ജീവനക്കാർക്ക് അനന്തര ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.

ഒപ്പ്,
ഡോ.ബിന്ദു മോഹൻ
അഡീഷണൽ ഡയറക്ടർ (മെഡിക്കൽ)

സ്വീകർത്താവ് -
ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ് - 1) ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ (ആരോഗ്യം)
2) ബന്ധപ്പെട്ട സ്ഥാപന മേധാവികൾ
3) ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ ഔദ്യോഗിക വെബ് സൈറ്റ്.

// ഉത്തരവിൻ പ്രകാരം//

സൂപ്രണ്ട്

1708907